# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 231** | **28/01/2019-ൽ മറുപടിക്ക്**

## എച്ച്1 എൻ1 രോഗബാധ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| **എ)** ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത്, നഗരൂർ, കരവാരം പഞ്ചായത്തതിർത്തിയിൽ എച്ച്1 എൻ1 രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>**ബി)** ഈ രോഗം ബാധിച്ച് മരണമടഞ്ഞവർ എത്രയാണ്; വിശദമാക്കുമോ; | **എ) യും ബി) യും** ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിൽ 2 വ്യക്തികൾക്ക് എച്ച്1 എൻ1 രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട് ആയതിൽ ഒരു വ്യക്തി 26/11/2018-ൽ മരണപ്പെട്ടു. |
| **സി)** മതിയായ ചികിത്സ ലഭിക്കാത്തതാണോ മരണ കാരണം; രോഗത്തെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോ; രോഗം പൂർണ്ണമായും നിയന്ത്രണ വിധേയമായോ; വിശദാംശം ലഭ്യമാക്കാമോ? | **സി)** പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ മരണമടഞ്ഞ രോഗി (സജിനി) 16/11/2018-ൽ പനി, ചുമ തലവേദന, ശ്വാസതടസ്സം എന്നീ രോഗലക്ഷണങ്ങളുമായി കല്ലറ സാമൂഹികാരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടി. കല്ലറ സാമൂഹികാരോഗ്യകേന്ദ്രത്തിൽ നിന്നും പ്രഥമ ശുശ്രൂഷയ്ക്ക് ശേഷം അന്നേ ദിവസം തന്നെ തിരികെ പോകുകയാണ് ഉണ്ടായത്. തുടർന്ന് 20/11/2018 – ൽ ശ്രീ.ഗോകുലം മെഡിക്കൽ കോളേജിൽ അഡ്മിഷൻ ആകുകയും തൊട്ടടുത്ത ദിവസം (21/11/2018) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യപ്പെടുകയും ചെയ്തു. അന്നേ ദിവസം രാവിലെ 8.00 മണിയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ.സി.യു വിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ രോഗം മൂർച്ഛിച്ചതിനെ തുടർന്ന് 26/11/2018 ഉച്ചയ്ക്ക് 1.15 ന് രോഗി മരണപ്പെട്ടു.<br>എച്ച്1 എൻ1 രോഗത്തെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ആരോഗ്യ പ്രവർത്തകർ വഴി ബോധവത്കരണം നൽകിയിട്ടുണ്ട്. രോഗം നിയന്ത്രണ വിധേയമാണ്. |

സെക്ഷൻ ഓഫീസർ